കേരള സർക്കാർ

# കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്

[www.ksad.kerala.gov.in](http://www.ksad.kerala.gov.in)

# ഇരിങ്ങാലക്കുട ബ്ലോക്ക്പഞ്ചായത്ത്

## 2016-17

# ഓഡിറ്റ് റിപ്പോർട്ട്

# ജില്ലാ ഓഡിറ്റ് കാര്യാലയം
# തൃശ്ശൂർ

email: dotsr.ksad@kerala.gov.in

(രജിസ്റ്റർ ചെയ്തു കൈപ്പറ്റു ചീട്ടു സഹിതം)

നം. കെ .എസ്. എ. ടി .എസ് .ആർ.ബി.പി.2-1711/17

കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്
ജില്ലാ ഓാഡിറ്റ് കാര്യാലയം, തൃശ്ശൂർ
PIN :680 020
തിയ്യതി 7.12.2017
Ph.No. 0487 2331249
e-mail Id : dotsr.ksad@kerala.gov.in

ജോയിന്റ് ഡയറക്ടർ.

പ്രസിഡന്റ് (സെക്രട്ടറി മുഖേന),
ഇരിങ്ങാലക്കുട ബ്ലോക്ക്പഞ്ചായത്ത്.

സർ,

വിഷയം :ഇരിങ്ങാലക്കുട ബ്ലോക്ക്പഞ്ചായത്ത് -2016-17സാമ്പത്തിക വർഷത്തെ ഓഡിറ്റ് റിപ്പോർട്ട് - സംബന്ധിച്ച്

*******************************************************

1994 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം വകുപ്പ് 13 , 1996ലെ കേരളാ ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടങ്ങളിലെ ചട്ടം 18, 1994 ലെ കേരളാ പഞ്ചായത്ത് രാജ് നിയമം 215(4) എന്നിവയിലെ വ്യവസ്ഥകൾ പ്രകാരം ഇരിങ്ങാലക്കുട ബ്ലോക്ക്പഞ്ചായത്തിന്റെ 2016-17 സാമ്പത്തിക വർഷത്തെ ധനകാര്യപത്രികയുടെ പരിശോധനാഫലമായുള്ള ഓഡിറ്റ് റിപ്പോർട്ട് 1996ലെ കേരളാ ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടം 23(1) ൽ നിർദ്ദേശിക്കുന്ന പ്രകാരമുള്ള തുടർ നടപടികൾക്കായി ഇതോടൊപ്പം അയയ്ക്കുന്നു.

ഈ റിപ്പോർട്ട് കൈപ്പറ്റിയാലുടൻ ഇതിൽ പരാമർശിക്കുന്ന ക്രമക്കേടുകൾക്ക് ഉത്തരവാദികളായ വ്യക്തികളെ പ്രസക്ത ഖണ്ഡികകളുടെ പകർപ്പ് സഹിതം വിവരം ധരിപ്പിക്കേണ്ടതാണ്.

ഈ റിപ്പോർട്ട് കൈപ്പറ്റി ഒരു മാസത്തിനകം പഞ്ചായത്തിന്റെ പ്രത്യേക യോഗം കൂടി ഓഡിറ്റ് റിപ്പോർട്ട് വിശദമായി ചർച്ച ചെയ്യേണ്ടതും, ഓഡിറ്റ് റിപ്പോർട്ടിന്റെയും അതിന്മേൽ പഞ്ചായത്ത് എടുത്ത തീരുമാനത്തിന്റെയും പകർപ്പ് പൊതുജന ശ്രദ്ധയ്ക്കായി പ്രസിദ്ധപ്പെടുത്തേണ്ടതുമാണ്. (കേരള പഞ്ചായത്ത് രാജ്-പരിശോധനാരീതിയും ഓഡിറ്റ് സംവിധാനവും ചട്ടങ്ങളിലെ ചട്ടം 14,15).

റിപ്പോർട്ട് കൈപ്പറ്റി രണ്ടു മാസത്തിനകം ഇതിൽ ഉൾപ്പെടുന്ന ഓഡിറ്റ് പരാമർശങ്ങൾ/ തടസ്സങ്ങൾ

ഒഴിവാക്കുന്നതിനാവശ്യമായ നടപടി സ്വീകരിക്കേണ്ടതും ആയത് സംബന്ധിച്ച ഒരു റിപ്പോർട്ട് പ്രസ്തുത കാലയളവിനുള്ളിൽ ഈ ഓഫീസിലേക്ക് അയച്ചു തരേണ്ടതുമാണ്. (ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം സെക്ഷൻ 15(1)ചട്ടം 20,23, 1997 കേരളാ പഞ്ചായത്ത് രാജ് പരിശോധനാ രീതിയും ഓഡിറ്റ് സംവിധാനവും ചട്ടങ്ങളിലെ ചട്ടം 21(1)(2)എന്നിവ കാണുക)

വിശ്വസ്തതയോടെ,

ജോയിന്റ് ഡയറക്ടർ

പകർപ്പ്
1)കേരളസംസ്ഥാനഓഡിറ്റ് വകുപ്പ് ഡയറക്ടർ,തിരുവനന്തപുരം(ഉപരിപത്രം സഹിതം)
2)അസിസ്റ്റന്റ് ഡെവലപ്പ്മെന്റ് കമ്മീഷണർ, തൃശ്ശൂർ (ഉപരിപത്രം സഹിതം)
3)കാര്യാലയ പകർപ്പ്

നം.കെ.എസ്.എടി.എസ്.ആർ(ബി.പി.2)1711/17 തിയ്യതി : 7.12.2017

## തൃശ്ശൂർ ജില്ലയിലെ ഇരിങ്ങാലക്കുട ബ്ലോക്ക് പഞ്ചായത്തിന്റെ 2016-17 സാമ്പത്തിക വർഷത്തെ ധനകാര്യ പത്രികയിന്മേലുള്ള ഓഡിറ്റ് റിപ്പോർട്ട്.

**(1994 ലെ കേരളാ പഞ്ചായത്ത് രാജ് നിയമം- വകുപ്പ് 215(4) , 1994 ലെ കേരളാ ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം - വകുപ്പ് 13, 1996ലെ കേരളാ ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടങ്ങളിലെ ചട്ടം 18 എന്നിവ പ്രകാരം പുറപ്പെടുവിക്കുന്നത്)**

തൃശ്ശൂർ ജില്ലയിലെ ഇരിങ്ങാലക്കുട ബ്ലോക്ക് പഞ്ചായത്തിന്റെ 2016-17 സാമ്പത്തിക വർഷത്തെ ധനകാര്യപത്രിക ഓഡിറ്റിന് വിധേയമാക്കുകയുണ്ടായി. പഞ്ചായത്ത് 18.4.2017 മുതൽ 24.07.17 തിയ്യതി വരെ വിവിധ ഇനങ്ങളിലായി നടത്തിയ പണം പിരിവ്, അവയുടെ ഒടുക്ക്, 2016-17 സാമ്പത്തിക വർഷത്തെ വിവിധ അക്കൗണ്ടുകളിൽ നിന്നുള്ള പണം പിൻവലിക്കലുകൾ എന്നിവയും പരിശോധിച്ചു.

ഓഡിറ്റിൽ കണ്ടെത്തിയ അപാകതകൾ അതത് സമയം ഓഡിറ്റ് അന്വേഷണക്കുറിപ്പുകളിലൂടെ പഞ്ചായത്തിന്റെ ശ്രദ്ധയിൽപ്പെടുത്തിയിട്ടുണ്ട്.19 അന്വേഷണക്കുറിപ്പുകൾ നൽകിയതിൽ 6 എണ്ണത്തിന് മറുപടി ലഭിച്ചിട്ടുണ്ട്. ഓഡിറ്റ് പരാമർശങ്ങൾ ഓഡിറ്റ് അന്വേഷണങ്ങളിലൂടെ

അറിയിക്കുകയും മറുപടി പരിഗണിക്കുകയും ചെയ്ത ശേഷം പ്രധാനപ്പെട്ട നിരീക്ഷണങ്ങൾ മാത്രമാണ് ഓഡിറ്റ് റിപ്പോർട്ടിൽ ചേർത്തിരിക്കുന്നത്. ഈ റിപ്പോർട്ടിൽ ഉൾപ്പെടാത്ത ഓഡിറ്റ് അന്വേഷണക്കുറിപ്പുകളിന്മേലുള്ള തുടർ നടപടികൾ ബ്ലോക്ക് പഞ്ചായത്ത് സ്വീകരിക്കേണ്ടതാണ്.

സ്ഥാപനത്തിൽ നിന്നു ലഭ്യമായ രജിസ്റ്ററുകളുടേയും രേഖകളുടേയും വിവരങ്ങളുടേയും വിശദീകരണത്തിന്റേയും അടിസ്ഥാനത്തിലാണ് ഈ റിപ്പോർട്ട് തയ്യാറാക്കിയിരിക്കുന്നത്. സ്ഥാപനം നൽകിയ തെറ്റായ വിവരത്തിന്റെയോ ലഭ്യമാക്കാത്ത വിവരത്തിന്റെയോ കാര്യത്തിൽ കേരള സംസ്ഥാന ഓഡിറ്റ് വകുപ്പിന് യാതൊരു ഉത്തരവാദിത്തവുമില്ല.

ഓഡിറ്റ് നടത്തിയതിന്റെ വിവരം

| | |
|---|---|
| ഓഡിറ്റിനു ചുമതലപ്പെട്ട ഉദ്യോഗസ്ഥൻ | ശ്രീ.ബാലകൃഷ്ണൻ ഇ.ആർ<br><br>ജോയിന്റ് ഡയറക്ടർ |
| ഓഡിറ്റിനു വിനിയോഗിച്ച സമയം | 06-11-2017 മുതൽ 13-11-2017 വരെ |
| ഓഡിറ്റ് നടത്തിയ ഉദ്യോഗസ്ഥർ | ശ്രീമതി.ഷീന കെ.ടി, ഓഡിറ്റ് ഓഫീസർ, ശ്രീ.ശിവദാസൻ എ.കെ, അസി.ഓഡിറ്റ് ഓഫീസർ |

| | |
|---|---|
| | ശ്രീമതി.ധന്യ എ.സുരേന്ദ്രൻ, ഓഡിറ്റർ |

## നിർവ്വഹണാധികാരികൾ

### പ്രസിഡന്റ്

| പേര് | കാലയളവ് |
|---|---|
| വി.എ മനോജ്കുമാർ | 01.04.2016 മുതൽ 31.3.17 വരെ |

### സെക്രട്ടറി

| പേര് | കാലയളവ് |
|---|---|
| വിഷ്ണു നമ്പൂതിരി | 01.04.2016-18.06.2016 |
| എ.വി സന്തോഷ് | 19.06.2016-21.06.2016 |
| പി.ഒ.ജോസഫ് | 22.06.2016-31.03.2017 |

## നിർവ്വഹണ ഉദ്യോഗസ്ഥർ

| **ഉദ്യോഗപ്പേര്** | **പേര്** | **കാലയളവ്** |
|---|---|---|
| സൂപ്രണ്ട്, പി.എച്ച്.സി. ആനന്ദപുരം. | ഡോ. രാജീവ് | 01-04-2016മുതൽ 31-3-2017 വരെ |
| അസി എക്സിക്യൂട്ടീവ് എഞ്ചിനീയർ | ഷൈബി ജോർജ് | 1-4-2016 മുതൽ 15-02-2017വരെ |
| | ജോജി പോൾ | 16-02-2017 മുതൽ 31-03-2017 വരെ |
| | | |

| | | |
|---|---|---|
| പട്ടികജാതി വികസന ഓഫീസർ | പി.എം.സജിനി. | 01-4-2016 മുതൽ 31-03-2017വരെ |
| അസി.ഡയറക്ടർ ഓഫ് അഗ്രിക്കൾച്ചർ | സുശീല | 01-4-2016മുതൽ 31-03-2017 വരെ |
| വ്യവസായവികസന ഓഫീസർ | ഇ.പി.ഹരീഷ്. | 01-4-2016മുതൽ 31-03-2017വരെ |
| സീനിയർ വെറ്ററിനറി സർജൻ | ഡോ. ജോയ് ജോർജ്ജ് | 01-4-2016മുതൽ 31-3-2017 വരെ |
| ശിശു വികസന ഓഫീസർ | എം.സുധ. | 01-4-2016മുതൽ 31-05-2016വരെ |
| | ഷീബ എൻ നാലപ്പാട്ട് (ഇൻ ചാർജ്ജ്) | 01-6-2016മുതൽ 03-07-2016വരെ |
| | അന്നമ്മ | 04-7-2016 മുതൽ 31-03-2017 വരെ |
| ഡയറി എക്സ്റ്റൻഷൻ ഓഫീസർ | സുധ | 01-4-2016മുതൽ 12-08-2016വരെ |
| | ഫെമി വി.മാത്യു | 13-8-2016മുതൽ 22-8-2016വരെ |
| | ഹരിത.എച്ച് | 23-8-2016മുതൽ 24-08-2016വരെ |
| | ഫെമി വി.മാത്യു | 25-8-2016മുതൽ 16-9-2016വരെ |
| | | |

| | | |
|---|---|---|
| | ഹരിത.എച്ച് | 17-9-2016മുതൽ 18-9-2016വരെ |
| | ഫെമി വി.മാത്യു | 19-9-2016മുതൽ 13-12-2016വരെ |
| | ഷെറീന പി.ജോർജ്ജ് | 14-12-2016മുതൽ 31-03-2017വരെ |

ഉള്ളടക്കം



| ക്രമ നം. | ഭാഗം 1 | ഖണ്ഡിക നമ്പർ |
|---|---|---|
| 1 | ബജറ്റ് | 1-1 |
| 2 | വാർഷിക ധനകാര്യപത്രിക. | 1-2 |
| 3 | വാർഷിക ധനകാര്യപത്രിക പരിശോധിച്ചതിന്റെ വിവരം | 1-3 |
| 4 | സാമ്പത്തിക വിശകലനം | 1-4 |
| 5 | ഫണ്ട് വിനിയോഗം | 1-5 |
| 6 | പദ്ധതി അവലോകനം. | 1-6 |
| 7 | തനത് വരുമാനം. | 1-7 |
| 8 | ആഭ്യന്തരനിയന്ത്രണം | 1-8 |
| 9 | മറ്റ് ഓഡിറ്റുകൾ നടത്തിയതിന്റെ വിവരം | 1-9 |
| | **ഭാഗം 2** | |
| 10 | വാടക-ബൈലോ തയ്യാറാക്കിയിട്ടില്ല | 2-1 |
| 11 | വാടക കുടിശ്ശിക തുകയിൽ വ്യത്യാസം | 2-2 |
| | **ഭാഗം 3** | |

| | | |
|---|---|---|
| 12 | കൃഷി അസിസ്റ്റന്റ് ഡയറക്ടർ നിർവ്വഹണ ഉദ്യോഗസ്ഥയായി നടപ്പിലാക്കിയ പദ്ധതികളിൽ കൈമാറിയ തുകയുടെ യൂട്ടിലൈസേഷൻ സർട്ടിഫിക്കറ്റ് ഹാജരാക്കിയിട്ടില്ല. | 3-1 |
| 13 | ഡയറി എക്സ്റ്റെൻഷൻ ഓഫീസർ നിർവ്വഹണ ഉദ്യോഗസ്ഥയായി നടപ്പിലാക്കിയ പദ്ധതികളിൽ കൈമാറിയ തുകയുടെ യൂട്ടിലൈസേഷൻ സർട്ടിഫിക്കറ്റ് ഹാജരാക്കിയിട്ടില്ല. | 3-2 |
| 14 | ബാലൻസ് ഷീറ്റിൽ B18 ഷെഡ്യൂളിൽ ടൂർ ട്രാവലിംഗ് അഡ്വാൻസ് ഇനത്തിൽ അഡ്ജസ്റ്റ് ചെയ്യാനായി ബാക്കി നിൽക്കുന്ന 3000 രൂപ അഡ്ജസ്റ്റ് ചെയ്യേണ്ടതാണ്. | 3-3 |
| 15 | പുളിശ്ശേരിക്കടവ് ലിഫ്റ്റ് ഇറിഗേഷൻ കെ.എസ്.ഇ.ബി കണക്ഷനു വേണ്ടി പിൻവലിച്ച തുക കെ.എസ്.ഇ.ബിയിൽ അടവാക്കിയില്ല. | 3-4 |
| 16 | നിയമാനുസൃതം പ്രവൃത്തികൾക്ക് എഗ്രിമെന്റ് ഒപ്പുവെച്ച ശേഷം എസ്റ്റിമേറ്റുകൾ റിവൈസ് ചെയ്യുന്നത്. | 3-5 |
| 17 | എഗ്രിമെന്റ് പീരീഡിനകത്ത് പണി പൂർത്തിയാക്കിയിട്ടില്ല. സമയപരിധി നീട്ടുന്നതിനുള്ള കാരണം എവിടേയും വ്യക്തമാക്കിയിട്ടില്ല. പൂർത്തിയാക്കിയ | 3-6 |

| | | |
|---|---|---|
| | പ്രവൃത്തികളിൽ എഗ്രിമെന്റ് വ്യവസ്ഥ ലംഘിച്ചിട്ടും ഫൈൻ ഈടാക്കിയിട്ടില്ല. | |
| 18 | തൃത്താണിപ്പാടം അംബേദ്കർ കോളനി കാന നിർമ്മാണവും റോഡ് സുരക്ഷിതമാക്കൽ പ്രവർത്തനവും. കുഴിച്ചെടുത്ത മണ്ണിന്റെ ഡിസ്പോസൽ വ്യക്തമാക്കിയിട്ടില്ല. മണ്ണ് പ്രവൃത്തിക്ക് ചെലവായ തുക ഓഡിറ്റിൽ തടസ്സപ്പെടുത്തുന്നു. | 3-7 |
| 19 | ആനന്ദപുരം ഇ.എം.എസ് ഹാൾ അറ്റകുറ്റപ്പണി സേവനനികുതി അടച്ച രസീതി ഹാജരാക്കിയിട്ടില്ല | 3-8 |
| 20 | കൈപ്പറ്റ് രശീത് ഹാജരാക്കിയില്ല. | 3-9 |
| 21 | തനത് ഫണ്ടിൽ നിന്നും മുൻകൂർ നൽകിയ തുകകൾ ക്രമീകരിച്ചിട്ടില്ല. | 3-10 |
| 22 | സാക്ഷരതാ തുടർവിദ്യാഭ്യാസ പഠിതാക്കൾക്കുള്ള ധനസഹായം - നടത്തിപ്പിലെ അപാകതകൾ.ചെലവ് തുക തടസ്സപ്പെടുത്തുന്നു. | 3-11 |
| 23 | സി.എച്ച്.സിയിലേക്ക് മരുന്ന് വാങ്ങൽ- മുഴുവൻ തുകയ്ക്കുള്ള മരുന്ന് ലഭ്യമായില്ല. | 3-12 |
| **ഭാഗം 4** | | |
| 24 | സംയുക്ത പ്രൊജക്റ്റുകൾക്ക് ലഭിച്ച ഫണ്ട് വിനിയോഗം | 4-1 |

| | | |
|---|---|---|
| 25 | ഡെപ്പോസിറ്റ് വർക്കിന് നൽകിയ തുകയുടെ വിവരം | 4-2 |
| 26 | മൊബിലൈസേഷൻ അഡ്വാൻസ് നൽകിയത് | 4-3 |
| 27 | വായ്പ/ വായ്പ തിരിച്ചടവ് | 4-4 |
| 28 | സ്ഥിരനിക്ഷേപങ്ങൾ | 4-5 |
| 29 | ഓഡിറ്റ് റിക്കവറി | 4-6 |
| 30 | ഓഡിറ്റ് പ്രത്യവലോകനം | 4-7 |
| 31 | തീർപ്പാക്കാൻ അവശേഷിക്കുന്ന റിപ്പോർട്ടുകൾ | 4-8 |

# ഭാഗം -1

# പൊതു അവലോകനം

പൊതു അവലോകനം

## 1-1 ബജറ്റ്

2016-17വർഷത്തെ പുതുക്കിയ ബജറ്റ് 27.03.2017 തിയതിയിലെ 1൦ നമ്പർ തീരുമാനപ്രകാരം അംഗീകരിച്ചു.ബജറ്റ് പ്രകാരം ആകെ വരവ് 316124615രൂപയും ചെലവ് 315906397രൂപയും ആണ്.

## 1-2 വാർഷിക ധനകാര്യപത്രിക.

| ലഭിക്കേണ്ട തീയതി | ലഭിച്ച തീയതി |
|---|---|
| 31.7.2017 | 27.07.2017 |

## 1-3 വാർഷിക ധനകാര്യപത്രിക പരിശോധിച്ചതിന്റെ വിവരം.

നിലവിലുള്ള ആസ്തി ബാദ്ധ്യതകൾ തിട്ടപ്പെടുത്തി അക്കൗണ്ട്സിൽ ചേർത്തിട്ടില്ല.

## 1-4 സാമ്പത്തിക വിശകലനം

| | |
|---|---|
| മുന്നിരിപ്പ് | 15249030 |
| വരവ് | 39697379 |
| ആകെ | 54946409 |
| ചെലവ് | 37395297 |
| നീക്കിയിരിപ്പ് | 17551112 |

## 1-5 ഫണ്ട് വിനിയോഗം

| ഫണ്ടിനം | തൻവർഷ അലോട്ട്മന്റ് | ചെലവ് | നീക്കിയിരിപ്പ് | ചെലവ് ശതമാനം |
|---|---|---|---|---|
| വികസനഫണ്ട് ജനറൽ | 13643521 | 7763995 | 5879526 | 56.9 |
| | | | | |

| | | | | |
|---|---|---|---|---|
| വികസനഫണ്ട് എസ്.സി.പി. | 10243575 | 6095813 | 4147762 | 59.50 |
| വികസനഫണ്ട് ടി.എസ്.പി. | 21291 | 21291 | 0 | 100 |
| സംരക്ഷണഗ്രാന്റ് നോൺറോഡ് | 2124289 | 1669113 | 455176 | 78.57 |

# 1-6 പദ്ധതി അവലോകനം.

ഓഡിറ്റ് വർഷം അംഗീകാരം ലഭിച്ച പ്രോജക്ടുകൾ നടപ്പാക്കിയതിന്റെ വിവരം താഴെ ചേർക്കുന്നു.

| അംഗീകാരം ലഭിച്ചത് (എണ്ണം) | പദ്ധതി അടങ്കൽ | നടപ്പാക്കിയത് (എണ്ണം) | പദ്ധതി ചെലവ് | ഭാഗികമായി നടപ്പാക്കിയത് (എണ്ണം) | നടപ്പാക്കാത്തവ (എണ്ണം) | പൂർത്തീകരിച്ച പ്രോജക്ടുകളുടെ ശതമാനം |
|---|---|---|---|---|---|---|
| 52 | 25416533 | 36 | 13881099 | 15 | 1 | 69.23 |

# 1-7 തനത് വരുമാനം.

| ഇനം | മുൻവർഷം | തൻവർഷം | വ്യത്യാസം | ശതമാനം (+)/(-) |
|---|---|---|---|---|
| വരവുകൾ | 985732 | 1194447 | 208717 | 21% |

## 1-8 ആഭ്യന്തരനിയന്ത്രണം.

വാടക കരാർ യഥാസമയം പുതുക്കുന്നതിലും വാടക രജിസ്റ്റർ പരിപാലിക്കുന്നതിലും വീഴ്ച വരുത്തിയിട്ടുണ്ട്. മുൻകൂർ രജിസ്റ്റർ കൃത്യമായി എഴുതി സൂക്ഷിക്കുന്നില്ല.

## 1-9 മറ്റ് ഓഡിറ്റുകൾ നടത്തിയതിന്റെ വിവരം

| ഓഡിറ്റ് | അവസാനം ഓഡിറ്റ് നടത്തിയതിന്റെ തിയതി | ഓഡിറ്റ് കാലയളവ് | റിപ്പോർട്ട് ലഭിച്ച തിയതി |
|---|---|---|---|
| പെർഫോമൻസ് ഓഡിറ്റ് | 3.3.17-15.3.17 | 2015-16,2016-17 | 13.6.17<br>No.28/AD(PA)/2017 |
| അക്കൗണ്ടന്റ് ജനറൽ | 8.12.2014-15.12.2014 | 2009-10 മുതൽ 2013-14 വരെ | 25.02.2015<br>LBA(HQ)III 8B-1021/14-15 |

# ഭാഗം -2

# വരവ്-വ്യക്തമായ നഷ്ടം പ്രതിപാദിക്കുന്ന ഓഡിറ്റ് നിരീക്ഷണങ്ങൾ

[KLFA Act 1994 സെക്ഷൻ 16,KLFA Rules 1996 ചട്ടം 19(1) പ്രകാരമുള്ള ഓഡിറ്റ് റിപ്പോർട്ടിന്റെ പ്രത്യേക ഭാഗം]

## വരവു കണക്കുകളിൻമേലുള്ള ഓഡിറ്റ് നിരീക്ഷണങ്ങൾ

## 2-1 വാടക-ബൈലോ തയ്യാറാക്കിയിട്ടില്ല

ഇരിങ്ങാലക്കുട ബ്ലോക്ക് പഞ്ചായത്തിനു കാറളം കമ്യൂണിറ്റി ഹാൾ,ഇ.എം.എസ് ഹാൾ ആനന്ദപുരം, കാന്റീൻ,കാറളം മിനി വ്യവസായ എസ്റ്റേറ്റ്,ഓഫീസ് കോംപൗണ്ടിനോട് ചേർന്നുള്ള കടമുറികൾ, വ്യവസായ പരിശീലന കേന്ദ്രം പുല്ലൂർ എന്നിവയിൽ നിന്നായി വാടകയിനത്തിൽ വരുമാനമുണ്ട്. വാടക വസൂലാക്കുന്നതുമായി ബന്ധപ്പെട്ട് ബ്ലോക്ക് പഞ്ചായത്തിൽ ബൈലോ തയ്യാറാക്കി സൂക്ഷിക്കുന്നില്ല.ഓഡിറ്റ് എൻക്വയറി നമ്പർ 17ന് ബൈലൊ തയ്യാറാക്കുന്നതാണെന്ന് മറുപടി നൽകിയിട്ടുണ്ട്.ബൈലോ തയ്യാറാക്കുന്നതിന് നടപടി സ്വീകരിക്കേണ്ടതാണ്.

## 2-2 വാടക കുടിശ്ശിക തുകയിൽ വ്യത്യാസം

2016-17 സാമ്പത്തിക വർഷത്തിലെ റെസീപ്റ്റ്& പെയ്മെന്റ് സ്റ്റേറ്റ്മെന്റ് ഷെഡ്യൂൾ പ്രകാരം വാടക വരവ് 60630 രൂപയാണ്.ബാലൻസ് ഷീറ്റ് പ്രകാരം 17373 രൂപ കുടിശ്ശികയും ഉള്ളതായി കാണുന്നു.2015-16 സാമ്പത്തിക വർഷത്തിലെ കണക്കു പ്രകാരം 124423 രൂപ വാടകവരവ് ഉണ്ടാകേണ്ടതും 63793 രൂപ കുടിശ്ശിക പിരിച്ചെടുക്കേണ്ടതുമാണ്.എന്നാൽ വാടക രജിസ്റ്റർ കാലികമായി രേഖപ്പെടുത്താതെയാണ് സൂക്ഷിച്ചിരിക്കുന്നത്.വാടക സംബന്ധിച്ച ബൈലോ തയ്യാറാക്കിയിട്ടുമില്ല.വാടക കുടിശ്ശികയിലുള്ള വ്യത്യാസത്തിനു കാരണം വിശദമാക്കാൻ നൽകിയ ഓഡിറ്റ് എൻക്വയറിക്ക്(എൻക്വയറി നമ്പർ 1) മറുപടി നൽകിയിട്ടില്ല.നിലവിൽ

മുറികളൊന്നും തന്നെ ഒഴിഞ്ഞുകിടക്കുന്നില്ല എന്ന് ഓഡിറ്റ് എൻക്വയറിദ്ദന് മറുപടി നൽകിയിട്ടുണ്ട്.കൃത്യമായ വാടക കണക്കാക്കി കുടിശ്ശിക പിരിച്ചെടുത്ത് ഓഡിറ്റിൽ അറിയിക്കേണ്ടതാണ്.

# ഭാഗം -3

# ചെലവ്-വ്യക്തമായ നഷ്ടം പ്രതിപാദിക്കുന്ന ഓഡിറ്റ് നിരീക്ഷണങ്ങൾ

[KLFA Act 1994 സെക്ഷൻ 16,KLFA Rules 1996 ചട്ടം 19(2) പ്രകാരമുള്ള ഓഡിറ്റ് റിപ്പോർട്ടിന്റെ പ്രത്യേക ഭാഗം]

ചെലവു കണക്കുകളിൻമേലുള്ള ഓഡിറ്റ് നിരീക്ഷണങ്ങൾ

## 3-1 കൃഷി അസിസ്റ്റന്റ് ഡയറക്ടർ നിർവ്വഹണ ഉദ്യോഗസ്ഥയായി നടപ്പിലാക്കിയ പദ്ധതികളിൽ കൈമാറിയ തുകയുടെ യൂട്ടിലൈസേഷൻ സർട്ടിഫിക്കറ്റ് ഹാജരാക്കിയിട്ടില്ല.

എ)പ്രോജക്ട് നമ്പർ. 23/16-17

ബിൽ നമ്പർ. PP2/2016-17 dt. 30.12.2016

തുക. 200000.

മേൽതുക കേര ഹരിത കേരളം പദ്ധതിക്കായി താഴെ ചേർക്കുന്ന പഞ്ചായത്തുകളിലേക്ക് നൽകിയിട്ടുണ്ട്.

എന്നാൽ പഞ്ചായത്തുകളിൽ നിന്നുള്ള കൈപ്പറ്റ് രസീതി, യൂട്ടിലൈസേഷൻ സർട്ടിഫിക്കറ്റ് എന്നിവ ഹാജരാക്കിയിട്ടില്ല.

| ക്രമനമ്പർ | പഞ്ചായത്തിന്റെ പേര് | തുക |
|---|---|---|
| 1 | പറപ്പൂക്കര | 87590 |
| 2 | കാറളം | 87590 |
| 3 | മുരിയാട് | 18250 |
| 4 | കാട്ടൂർ | 6570 |

രേഖകളുടെ അഭാവത്തിൽ 200000 രൂപയുടെ ചെലവു നടപടി ഓഡിറ്റിൽ തടസ്സപ്പെടുത്തുന്നു.

ബി)പ്രോജക്ട് നമ്പർ. 51/16-17

ബിൽ നമ്പർ. PP3/2016-17 dt. 24.01.2017

തുക. 200000.

പ്രോജക്ടിന്റെ പേര് . ഇരിങ്ങാലക്കുട പച്ചമരക്കുട.

കർഷകർക്ക് ജാതി തൈകൾ വാങ്ങി വിതരണം ചെയ്യുന്ന പദ്ധതിയുടെ ഭാഗമായി രണ്ട് ലക്ഷം രൂപ പറപ്പൂക്കര ഗ്രാമപഞ്ചായത്ത് സെക്രട്ടറിക്ക് നൽകി. എന്നാൽ പഞ്ചായത്തിന്റെ രസീതി , വിനിയോഗ സർട്ടിഫിക്കറ്റ് എന്നിവ ഹാജരാക്കിയിട്ടില്ല. രേഖകളുടെ അഭാവത്തിൽ 200000 രൂപയുടെ ചെലവു നടപടി ഓഡിറ്റിൽ തടസ്സപ്പെടുത്തുന്നു.

## 3-2 ഡയറി എക്സ്റ്റെൻഷൻ ഓഫീസർ നിർവ്വഹണ ഉദ്യോഗസ്ഥയായി നടപ്പിലാക്കിയ പദ്ധതികളിൽ കൈമാറിയ തുകയുടെ യൂട്ടിലൈസേഷൻ സർട്ടിഫിക്കറ്റ് ഹാജരാക്കിയിട്ടില്ല.

പ്രോജക്ട് നമ്പർ.69/16-17

ബിൽ നമ്പർ. 1/2016-17 dt. 09.03.2017

തുക. 730000

മേൽതുക ക്ഷീരസംഘങ്ങളിൽ പാലളക്കുന്ന കർഷകർക്ക് സബ്സിഡി നൽകുന്നതിനായി താഴെ ചേർക്കുന്ന പഞ്ചായത്തുകൾക്ക് കൈമാറിയിട്ടുണ്ട്. എന്നാൽ പഞ്ചായത്തുകളിൽ നിന്നുള്ള കൈപ്പറ്റ് രസീതി, യൂട്ടിലൈസേഷൻ സർട്ടിഫിക്കറ്റ് എന്നിവ ഹാജരാക്കിയിട്ടില്ല.

| ക്രമനമ്പർ | പഞ്ചായത്തിന്റെ പേര് | തുക |
|---|---|---|
| 1 | പറപ്പൂക്കര | 295000 |
| 2 | കാറളം | 95000 |
| 3 | മുരിയാട് | 295000 |
| 4 | കാട്ടൂർ | 45000 |

രേഖകളുടെ അഭാവത്തിൽ 730000 രൂപയുടെ ചെലവ് ഓഡിറ്റിൽ തടസ്സപ്പെടുത്തുന്നു.

## 3-3 ബാലൻസ് ഷീറ്റിൽ B18 ഷെഡ്യൂളിൽ ടൂർ ട്രാവലിംഗ് അഡ്വാൻസ് ഇനത്തിൽ അഡ്ജസ്റ്റ് ചെയ്യാനായി ബാക്കി നിൽക്കുന്ന 3000 രൂപ അഡ്ജസ്റ്റ് ചെയ്യേണ്ടതാണ്.

ബാലൻസ് ഷീറ്റിൽ B18 ഷെഡ്യൂളിൽ ടൂർ ട്രാവലിംഗ് അഡ്വാൻസ് ഇനത്തിൽ അഡ്ജസ്റ്റ് ചെയ്യാനായി ബാക്കി നിൽക്കുന്ന 3000 രൂപ അഡ്ജസ്റ്റ് ചെയ്യേണ്ടതാണ്. കേരള ഫിനാൻഷ്യൽ കോഡിലെ ആർട്ടിക്കിൾ 53(e) വ്യവസ്ഥ അനുസരിച്ച് മൂന്നുമാസത്തിനകം ക്രമീകരിക്കാത്ത അഡ്വാൻസുകളിൽ ക്രമീകരിക്കുന്നതു വരേയുള്ള കാലത്തേക്ക് 18% പലിശ ഈടാക്കേണ്ടതാണ്.

## 3-4 പുളിശ്ശേരിക്കടവ് ലിഫ്റ്റ് ഇറിഗേഷൻ കെ.എസ്.ഇ.ബി കണക്ഷനു വേണ്ടി പിൻവലിച്ച തുക അടവാക്കിയില്ല.

ബിൽ നമ്പർ. 5/16-17 dt. 30.03.2017

തുക . 425893
പ്രോജക്റ്റ് നമ്പർ. 6/16-17
പുളിശ്ശേരിക്കടവ് ലിഫ്റ്റ് ഇറിഗേഷൻ പൂർത്തീകരണം.

ഈ പ്രവൃത്തിക്കായി ബിൽ പ്രകാരം പിൻ വലിച്ച ആകെ തുകയിൽ 25000 രൂപ കെ.എസ്.ഇ.ബി കണക്ഷനു വേണ്ടിയുള്ളതാണെന്ന് ബില്ലിൽ രേഖപ്പെടുത്തിയിട്ടുണ്ട്. എന്നാൽ ഈ തുക കെ.എസ്.ഇ.ബി യിൽ അടവാക്കിയതായി കാണുന്നില്ല. തുക അടവാക്കിയ വിവരം അറിയിക്കുന്നതിന് നൽകിയ ഓഡിറ്റ് എൻക്വയറിക്ക് മറുപടി നൽകിയിട്ടില്ല. തുകയുടെ വിനിയോഗം വ്യക്തമാകുന്നതുവരെ ചെലവ് തടസ്സത്തിൽ വെയ്ക്കുന്നു. തുക കെ.എസ്.ഇ.ബി യിൽ അടവാക്കുന്നതിനും പദ്ധതി പ്രവർത്തനക്ഷമമാക്കുന്നതിനും അടിയന്തിര നടപടി എടുക്കേണ്ടതാണ്.

## 3-5 നിയമാനുസൃതം പ്രവൃത്തികൾക്ക് എഗ്രിമെന്റ് ഒപ്പുവെച്ച ശേഷം എസ്റ്റിമേറ്റുകൾ റിവൈസ് ചെയ്യുന്നത്.

പണി നടന്നുകൊണ്ടിരിക്കെ ഏതെങ്കിലും ഐറ്റം ഒഴിവാക്കുകയോ , അളവുകളിൽ വലിയ വ്യത്യാസം വരികയോ ചെയ്യുന്ന പക്ഷം എസ്റ്റിമേറ്റ് റിവൈസ് ചെയ്യാമെങ്കിൽ പോലും ബ്ലോക്ക് പഞ്ചായത്തിൽ 2016-17 വർഷം ആകെ നടപ്പാക്കിയ 10 പ്രവൃത്തികളിൽ 6 എണ്ണത്തിലും കരാറുകാരനുമായി എഗ്രിമെന്റ് വെച്ചതിനുശേഷം എസ്റ്റിമേറ്റ് റിവൈസ് ചെയ്തതായി കാണുന്നു. വലിയ തോതിൽ എസ്റ്റിമേറ്റ് റിവൈസ് ചെയ്യുന്നതുമായി ബന്ധപ്പെട്ട ഓഡിറ്റ് എൻക്വയറിക്ക് മറുപടി നൽകിയില്ല. വേണ്ടത്ര മുന്നൊരുക്കമില്ലാതെ എസ്റ്റിമേറ്റ് തയ്യാറാക്കുന്നതാണ് ഇങ്ങനെ ഒട്ടുമിക്ക പദ്ധതികളിലും എസ്റ്റിമേറ്റ് റിവൈസ് ചെയ്യുന്നതിന് കാരണം എന്ന് ഓഡിറ്റിൽ വിലയിരുത്തുന്നു. വ്യാപകമായ രീതിയിൽ എസ്റ്റിമേറ്റ് റിവൈസ് ചെയ്യുന്ന പ്രവണത പരിശോധിക്കപ്പെടേണ്ടതാണ്.

എഗ്രിമെന്റിനു ശേഷം എസ്റ്റിമേറ്റ് റിവൈസ് ചെയ്ത പദ്ധതികൾ

1. പ്രോജക്റ്റ് നമ്പർ. Soo 60/16-17

പ്രിമെട്രിക് ഹോസ്റ്റൽ വെള്ളക്കെട്ട് ഒഴിവാക്കലും പെയിന്റിംഗും

2.പ്രോജക്റ്റ് നമ്പർ. Soo71/16-17

62-ാം നമ്പർ അംഗൻ വാടി കെട്ടിട നിർമ്മാണം

3.പ്രോജക്റ്റ് നമ്പർ. Soo 43/16-17

കമ്മ്യൂണിറ്റി ഹാൾ അറ്റകുറ്റപ്പണി.

4.പ്രോജക്റ്റ് നമ്പർ. Soo 61/16-17

തൃത്താണിപ്പാടം അംബേദ്ക്കർ കോളനി കാന നിർമ്മാണവും, റോഡ് സുരക്ഷിതമാക്കൽ പ്രവർത്തനവും.

5. പ്രോജക്ട് നമ്പർ. Soo 37/16-17

ആനന്ദപുരം ഇ.എം.എസ് ഹാൾ അറ്റകുറ്റപ്പണി.

6.പ്രോജക്ട് നമ്പർ. Soo 54/16-17

കാട്ടൂർ CHC യിൽ വൃദ്ധവാർഡ് നിർമ്മാണം

## 3-6 എഗ്രിമെന്റ് പിരീഡിനകത്ത് പണി പൂർത്തിയാക്കിയിട്ടില്ല. സമയപരിധി നീട്ടുന്നതിനുള്ള കാരണം എവിടേയും വ്യക്തമാക്കിയിട്ടില്ല. പൂർത്തിയാക്കിയ പ്രവൃത്തികളിൽ എഗ്രിമെന്റ് വ്യവസ്ഥ ലംഘിച്ചിട്ടും ഫൈൻ ഈടാക്കിയിട്ടില്ല.

എ)എഞ്ചിനീയറും കരാറുകാരനുമായി ചേർന്ന് ഒപ്പു വെച്ച കരാർ ഖണ്ഡിക 7, കേരള പബ്ളിക് വർക്സ് ഡിപ്പാർട്ടുമെന്റ് മാനവൽ എന്നിവയിലെ വ്യവസ്ഥകൾ പ്രകാരം കരാർ കാലയളവിൽ പണി പൂർത്തീകരിക്കാത്ത സാഹചര്യത്തിൽ തന്റേതല്ലാത്ത കാരണങ്ങളാൽ പ്രവൃത്തി നീണ്ടു പോകുന്ന പക്ഷം മാത്രം ഫൈൻ ഈടാക്കാതെ വ്യവസ്ഥകൾക്കനനുസരിച്ച് പഞ്ചായത്തിന് കാലയളവ് .നീട്ടി നൽകാവുന്നതാണ് എന്നാൽ ഇരിങ്ങാലക്കുട ബ്ളോക്ക് പഞ്ചായത്തിൽ താഴെ ചേർക്കുന്ന പ്രവൃത്തികളിൽ എഗ്രിമെന്റ് പിരീഡിനകത്ത് പണി പൂർത്തിയാക്കാത്ത പ്രവൃത്തികളിൽ ടൈം എക്സ്റ്റെൻഷൻ നൽകിയതുമായി ബന്ധപ്പെട്ട് യാതൊരു രേഖകളും സൂക്ഷിച്ചതായി കാണുന്നില്ല.കരാർ കാലയളവ് നീട്ടുന്നതിന് കരാറുകാരൻ അപേക്ഷ സമർപ്പിച്ചിട്ടില്ല. എഞ്ചിനീയർ റിപ്പോർട്ട്സമർപ്പിക്കുകയോ, പഞ്ചായത്തുകമ്മിറ്റി തീരുമാനമെടുക്കുകകയോ ചെയ്തിട്ടില്ല. ഈ സാഹചര്യത്തിൽ ഫൈനൽ ബിൽ നൽകിയ

പ്രവൃത്തികളിൽ നിന്ന് നിയമാനുസൃത പിഴ ഈടാക്കാതിരുന്നതിന്റെ കാരണമെന്ത് എന്ന ഓഡിറ്റ് എൻക്വയറിക്ക് പിഴ ഈടാക്കുന്നതാണെന്ന് മറുപടി നൽകിയിട്ടുണ്ട്. ആയതിനാൽ ഇനിയും പ്രവൃത്തി പൂർത്തീകരിക്കാനുള്ളവയിൽ നിന്ന് നിയമാനുസൃത പിഴ ഈടാക്കിയ ശേഷം മാത്രം ഫൈനൽ ബിൽ അനുവദിക്കേണ്ടതാണ്.

| ക്രമ നമ്പർ | പ്രവൃത്തിയുടെ പേര് | എഗ്രിമെന്റ് തിയ്യതി/ നമ്പർ | അംഗീകൃത കാലയളവ് | ഫൈനൽ/ പാർട്ട് ബിൽ വിവരങ്ങൾ |
|---|---|---|---|---|
| 1 | പ്രിമെട്രിക് ഹോസ്റ്റൽ വെള്ളക്കെട്ട് ഒഴിവാക്കലും പെയിന്റിംഗും | 10/AEE/LSD/IJK DT. 18.02.2017Estimate PAC.578717 | 90 ദിവസം. | ആദ്യ പാർട്ട് ബിൽ. 140714/- ബിൽ നമ്പർ.6/16-17 dt.31.03.2017 |
| 2 | 62-ാം നമ്പർ അംഗൻവാടി നിർമ്മാണം. | 14/AEE/LSD/IJK DT. 31.03.2017<br><br>Estimate PAC.1232550 | 60 ദിവസം | ആദ്യ പാർട്ട് ബിൽ. 108556/- ബിൽ നമ്പർ.8/16-17 dt.31.03.2017 |

## 3-7 തൃത്താണിപ്പാടം അംബേദ്ക്കർ കോളനി കാന നിർമ്മാണവും റോഡ് സുരക്ഷിതമാക്കൽ പ്രവർത്തനവും. കുഴിച്ചെടുത്ത മണ്ണിന്റെ ഡിസ്പോസൽ വ്യക്തമാക്കിയിട്ടില്ല. മണ്ണ് പ്രവൃത്തിക്ക് ചെലവായ തുക ഓഡിറ്റിൽ തടസ്സപ്പെടുത്തുന്നു.

പ്രോജക്റ്റ് നമ്പർ. So61/17

കരാറുകാരൻ. ശ്രീ. പി.എസ് . ജയരാജൻ

എം.ബി നമ്പർ. 22/16-17 പേജ്. 1,2,20

മെഷർമെന്റ് തിയ്യതി. 20/02/17

ചെക്ക് മെഷർമെന്റ് തിയ്യതി. 21.02.2017

ഫൈനൽ ബിൽ നമ്പർ. 7/16-17 തിയ്യതി. 31.03.2017

തുക. 498211

പ്രവൃത്തിയിൽ ഐറ്റം ഒന്നായി 57.66 m3 മണ്ണ് കുഴിച്ചെടുത്തിട്ടുണ്ട്. ഇതിനായി 12368 രൂപ ചെലവായിട്ടുണ്ട്. എന്നാൽ ഇത്രയും മണ്ണിന്റെ ഡിസ്പോസൽ എം ബുക്കിൽ ചേർത്തിട്ടില്ല. ഏതെങ്കിലും എസ്റ്റിമേറ്റ് ഇനത്തിന് മണ്ണ് ഫില്ലിംഗ് ഉണ്ടായിരുന്നുമില്ല. മണ്ണിന്റെ ഡിസ്പോസൽ വ്യക്തമാക്കേണ്ടതാണെന്നുള്ള എൻക്വയറിക്ക് മറുപടിയായി എം ബുക്കിൽ ചേർത്തിരുന്നു എന്ന് പറയുന്നു. പക്ഷേ ഹാജരാക്കിയ എം.ബുക്കിൽ ഇതു സംബന്ധിച്ച് പ്രസ്താവനകളുണ്ടായിരുന്നില്ല. ഈ സാഹചര്യത്തിൽ മണ്ണുപ്രവൃത്തിക്കുള്ള ആകെ ചെലവ് 12368 രൂപ ഓഡിറ്റിൽ തടസ്സപ്പെടുത്തുന്നു.

# 3-8 ആനന്ദപുരം ഇ.എം.എസ് ഹാൾ അറ്റകുറ്റപ്പണി സേവനനികുതി അടച്ച രസീതി ഹാജരാക്കിയിട്ടില്ല.

ബിൽ നമ്പർ. 4/2016-17 തിയ്യതി. 30.03.2017

തുക. 296967

ആകെ പ്രവൃത്തി മൂല്യം. 268748

കരാറുകാരൻ. കെ.എ.ഗോപികുമാർ.

ഈ പ്രവൃത്തിയിൽ സേവനനികുതിയിനത്തിൽ 28219 രൂപ കരാറുകാരന് കൈമാറിയിട്ടുണ്ട്. എന്നാൽ കരാറുകാരന്റെ ഫോം ST 2 രജിസ്ട്രേഷൻ സർട്ടിഫിക്കറ്റ്, തുക അടച്ചതിന്റെ വിവരങ്ങൾ എന്നിവ ഓഡിറ്റിന് ഹാജരാക്കിയിട്ടില്ല. രേഖകൾ ഹാജരാക്കേണ്ടതാണ്.

# 3-9 കൈപ്പറ്റ് രശീത് ഹാജരാക്കിയില്ല.തുക തടസ്സപ്പെടുത്തുന്നു.

സെക്രട്ടറി നിർവഹണോദ്യോഗസ്ഥനായ താഴെ പറയുന്ന പ്രോജക്ടുകളുടെ കൈപ്പറ്റ് രശീത് ഹാജരാക്കിയില്ല. കൈപ്പറ്റ് രശീതിന്റെ അഭാവത്തിൽ ചെലവ് തുക തടസ്സപ്പെടുത്തുന്നു.

| പദ്ധതി നം | പദ്ധതിയുടെ പേര് | ബിൽ നം. തുക | കൈമാറിയ സ്ഥാപനം |
|---|---|---|---|
| 86/17 | സാമൂഹ്യ സുരക്ഷാ മിഷൻ പേയ്മെന്റ് ഗേറ്റ് വേ | 30/16-17, dt.1/3/17, 500000/ | കേരള സാമൂഹ്യ സുരക്ഷാ മിഷൻ |

| | | | |
|---|---|---|---|
| 22/17 | ഐ.കെ.എം.ഷെയർ നൽകൽ | 7/16-17, dt.30/9/16, 43645/ | ഐ.കെ.എം |

# 3-10 തനത് ഫണ്ടിൽ നിന്നും മുൻകൂർ നൽകിയ തുകകൾ ക്രമീകരിച്ചിട്ടില്ല.

വികസനഫണ്ട് ഉപയോഗിച്ചുള്ള പദ്ധതികൾക്കായി തനത് ഫണ്ടിൽ നിന്നും മുൻകൂർ നൽകിയ തുകകൾ ക്രമീകരിച്ചിട്ടില്ല.

| പദ്ധതി നം/പേര് | തനത് ഫണ്ട് അനുവദിച്ച ഉത്തരവ് നം/ തിയതി | ചെക്ക് നം/ തിയതി | തുക |
|---|---|---|---|
| 2/17 പദ്ധതി രൂപീകരണ, മോണിറ്ററിംഗ് | ഡി-1740/2016, dt.1/10/2016 | 25092,25093, dt.3/10/16 | 30500/ |
| 18/17 സാക്ഷരതാപഠിതാക്കളുടെ സംഗമം | 25/2017,dt.4/1/17 | 12805, dt.4/1/17 | 24000/ |

വികസനഫണ്ട് ലഭ്യമായ മുറയ്ക്ക് , വികസനഫണ്ടിൽ നിന്നും തുകകൾ തിരിച്ച് തനത്ഫണ്ടിലേയ്ക്ക് അടവാക്കിയതിന്റെ വിവരം ഓഡിറ്റിനെ അറിയിക്കേണ്ടതാണ്.

# 3-11 സാക്ഷരതാ തുടർവിദ്യാഭ്യാസ പഠിതാക്കൾക്കുള്ള ധനസഹായം - നടത്തിപ്പിലെ അപാകതകൾ.ചെലവ് തുക തടസ്സപ്പെടുത്തുന്നു.

സെക്രട്ടറി നിർവഹണോദ്യോഗസ്ഥനായ സാക്ഷരതാ തുടർവിദ്യാഭ്യാസ പഠിതാക്കൾക്കുള്ള ധനസഹായം - നടത്തിപ്പിലെ അപാകതകൾ

സെക്രട്ടറി നിർവഹണോദ്യോഗസ്ഥനായ ഈ പദ്ധതിയിൽ നോഡൽ പ്രേരക്, ശ്രീമതി. ചന്ദ്രികാ സുധാകരന്റെ അപേക്ഷ പ്രകാരം രജിസ്റ്റർ ചെയ്ത 30 പഠിതാക്കളുടെ കോഴ്സ് ഫീ, പരീക്ഷാഫീ ഇനങ്ങളിൽ മേൽ ബിൽ പ്രകാരം 45000/ (ബിൽ നം.25/16-17, dt.25/2/17) രൂപാ ഡയറക്ടർ, കേരള സംസ്ഥാന സാക്ഷരതാ മിഷന് അടവാക്കിയിട്ടുണ്ട്. എന്നാൽ പഠിതാക്കളുടെ അറ്റൻഡൻസ്, ഹാൾടിക്കറ്റിന്റെ പകർപ്പ് എന്നിവ ഫയലിൽ ലഭ്യമല്ല. മാത്രമല്ല, കേരള സംസ്ഥാന സാക്ഷരതാ മിഷന്റെ കൈപ്പറ്റ് രശീത് എന്നിവ ഫയലിൽ ലഭ്യമല്ല. രേഖകളുടെ അഭാവത്തിൽ ചെലവ് തുക തടസ്സപ്പെടുത്തുന്നു. .

## 3-12 സി.എച്ച്.സിയിലേക്ക് മരുന്ന് വാങ്ങൽ-മുഴുവൻ തുകയ്ക്കുള്ള മരുന്ന് ലഭ്യമായില്ല.

പ്രൊജക്ട് നം. :SOO36/17
തുക :2,00,000
ബിൽ നമ്പർ :2/2016-17 തി.15/2/17

സി.എച്ച്.സിക്ക് മരുന്ന് വാങ്ങൽ പദ്ധതിക്കായി 200000 രൂപ പിൻവലിച്ച് കെ.എം.എസ്.സി.എൽ ന് നൽകിയിട്ടുണ്ട്.എന്നാൽ നാളിതുവരെ 191962 രൂപക്കുള്ള മരുന്ന് മാത്രമാണ് ലഭിച്ചിട്ടുള്ളത്.ബാക്കി തുകയ്ക്കുള്ള മരുന്ന് കൂടി ലഭ്യമാക്കാനുള്ള നടപടി സ്വീകരിക്കേണ്ടതാണ്.

# <u>ഭാഗം -4</u>
# <u>പൊതു വിവരങ്ങളും ഓഡിറ്റ് പ്രത്യവലോകനവും</u>
# <u>പൊതു വിവരങ്ങളും ഓഡിറ്റ് പ്രത്യവലോകനവും</u>

# 4-1 സംയുക്ത പ്രൊജക്കുകൾക്ക് ലഭിച്ച ഫണ്ട് വിനിയോഗം

ഇല്ല

# 4-2 നിക്ഷേപ പ്രവൃത്തികൾക്ക് നൽകിയ തുകയുടെ വിവരങ്ങൾ

ഇല്ല

# 4-3 മൊബിലൈസേഷൻ അഡ്വാൻസ് നൽകിയത്

ഇല്ല

# 4-4 വായ്പ/വായ്പ തിരിച്ചടവ്

| വായ്പയുടെ പേര് | ഉത്തരവ് നമ്പർ/ തിയ്യതി | വായ്പ തുക | വർഷാരംഭത്തിലെ തുക | തൻവർഷം മുതലിനത്തിൽ | തൻവർഷം പലിശ | ബാക്കി തുക |
|---|---|---|---|---|---|---|
| ഐ,എ വൈ.ഭവനം. | സ.ഉ. (കൈ)നം. 332/13/ തസ്വഭവ / തി.09.10.2013 | 4406112 | 3481337 | 674000 | 42000 | 2807337 |

# 4-5 സ്ഥിരനിക്ഷേപങ്ങൾ

ഇല്ല

# 4-6 ഓഡിറ്റ് റിക്കവറി

ഇല്ല

# 4-7 ഓഡിറ്റ് പ്രത്യവലോകനം

**എ) സംക്ഷിപ്ത വിവരം**

| | |
|---|---|
| ഓഡിറ്റ് വർഷത്തെ ആകെ വരവ് | 39697379 |
| ഓഡിറ്റ് വർഷത്തെ ആകെ ചെലവ് | 37395297 |
| വരവിനങ്ങളിലുള്ള നഷ്ടം | ഇല്ല |
| ചെലവിനങ്ങളിലുള്ള നഷ്ടം/ ഓഡിറ്റിൽ അംഗീകരിക്കാത്ത തുക | ഇല്ല |
| ഓഡിറ്റിൽ തടസ്സപ്പെടുത്തിയ തുക | 1756013 |

**ബി) പഞ്ചായത്ത് ഫണ്ടിനുണ്ടായ വ്യക്തമായ നഷ്ടത്തിന്റെ വിവരം**

ഇല്ല

**ഓഡിറ്റിൽ തടസ്സപ്പെടുത്തിയ തുക**

| ഖണ്ഡിക നമ്പർ | തുക | ഉത്തരവാദിയായ ആളുടെപേരും ഉദ്യോഗപ്പേരും |
|---|---|---|
| 3-1 | 400000 | സുശീല,എ.ഡി.എ |
| 3-2 | 730000 | ഷെറീന പി.ജോർജ്,ഡി.ഇ.ഒ |
| 3-4 | 25000 | ജോജി പോൾ,അസി.എക്സി.എഞ്ചിനീയർ, |
| 3-7 | 12368 | ജോജി പോൾ,അസി.എക്സി.എഞ്ചിനീയർ, |
| 3-9 | 500000+43645 | പി.ഒ.ജോസഫ്,സെക്രട്ടറി |

| | | |
|---|---|---|
| 3-11 | 45000 | പി.ഒ.ജോസഫ്,സെക്രട്ടറി |
| ആകെ | 1756013 | |

**സി) കേന്ദ്ര – സംസ്ഥാന സർക്കാരുകൾ , മറ്റു സ്ഥാപനങ്ങൾ എന്നിവയ്ക്കുണ്ടായ നഷ്ടത്തിൻ്െറ വിവരം**

ഇല്ല

**ഡി) നഷ്ടം നിജപ്പെടുത്താൻ കൂടുതൽ അന്വേഷണം ആവശ്യമായവ**

ഇല്ല

**ഇ) റിപ്പോർട്ടിൽ പ്രതിപാദിച്ചിരിക്കുന്ന നഷ്ടത്തിനുത്തരവാദികളായവരുടെ സ്ഥിരം മേൽവിലാസങ്ങൾ**

ഇല്ല

## 4-8 തീർപ്പാക്കുവാൻ അവശേഷിക്കുന്ന ഓഡിറ്റ് റിപ്പോർട്ടുകൾ

| ഓഡിറ്റ് വർഷം | ഈ വകുപ്പിൽ നിന്നും പുറപ്പെടുവിച്ച ഏറ്റവും ഒടുവിലത്തെ കത്തിടപാടിന്റെ വിവരം | റിമാർക്സ് |
|---|---|---|
| 1995-96,96-97,97-98 | നം.എൽ.എഫ്.ടി.8-328/99/01-07-99 | |
| 98-99 | എൽ.എഫ്.ടി 16-1422/02/02-08-03 | |
| | | |

| | | |
|---|---|---|
| 99-00 | എൽ.എഫ്.ടി 16-1423/02/30-09-03 | |
| 00-01,01-02<br><br>പ്ലാൻ | എൽ.എഫ്.ടി 16-53/04/01-03-04 | |
| 00-01 | എൽ.എഫ്.ടി 21-2466/07/09-01-09 | |
| 01-02 | എൽ.എഫ്.ടി 21-2645/07/09-01-09 | |
| 02-03 | എൽ.എഫ്.ടി 21-2604/07/09-01-09 | |
| 03-04 | എൽ.എഫ്.ടി 21-2463/07/09-01-09 | |
| 04-05 | എൽ.എഫ്.ടി 21-2462/07/09-01-09 | |
| 05-06 | എൽ.എഫ്.ടി 21-789/09/09-05-10 | |
| 06-07 | എൽ.എഫ്.ടി 21-790/09/30-03-10/06-08-10 | |
| 07-08 | എൽ.എഫ്.ടി (ബി.പി)1618/11/16-04-12 | |
| 08-09 | എൽ.എഫ്.ടി (ബി.പി)1619/11/16-04-12/03-08-12 | |
| 09-10 | എൽ.എഫ്.ടി(ബി.പി)1620/11/16-04-12/03-08-12 | |
| 10-11 | എൽ.എഫ്.ടി(ബി.പി)2294/12/08-02-13/03-06-13 | |
| 11-12 | എൽ.എഫ്.ടി(ബി.പി)206/13/08-05-13/02-09-13 | |

| | | |
|---|---|---|
| 12-13 | എൽ.എഫ്.ടി(ബി.പി)1021/14 | |
| 13-14 | കെ എസ് എ ടിഎസ് ആർ-(ബി പി 2)1703/15/1.1.16/3.2.16 | |
| 14-15 & 15-16 | കെ.എസ്.എ.ടി.എസ്.ആർ.(ബി.പി.2) 653/17 തി.26.05.17 | |

അവശേഷിക്കുന്ന റിപ്പോർട്ടുകളിലെ തടസ്സങ്ങൾ തീർപ്പാക്കാൻ അടിയന്തിര നടപടികൾ സ്വീകരിക്കേണ്ടതാണ്.

**ജോയിന്റ് ഡയറക്ടർ**

**കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്**